**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1311** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ടൂറിസം സർക്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ പൈതൽമല, പാലക്കയംതട്ട്, കാഞ്ഞിരകൊല്ലി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളെ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ, DTPC വെബ്സൈറ്റ് തുടങ്ങിയവയിൽ ഉൾപ്പെടുത്തി മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ ഒരു ടൂറിസം സർക്യൂട്ടായി വളർന്നുവരുന്നുണ്ട്. |
| (ബി) | പാലക്കയംതട്ട് ടൂറിസം കേന്ദ്രം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 23.12.2015ലെ സ.ഉ.(സാധാ)നം. 642/2015/ ടൂറിസം പ്രകാരം, പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കിയോസ്ക്, ടോയ്.ലെറ്റ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, സിറ്റിംഗ് ബെഞ്ചസ്, സോളാർ ലൈറ്റ്സ്, എൻട്രൻസ് വേ, ട്രെക്കിംഗ് പാത്ത്, വ്യൂ പോയിൻറ് എന്നിവയാണ് ഭരണാനുമതി തുകയ്ക്ക് ഉള്ളിൽ പൂർത്തീകരിച്ചത്. പ്രസ്തുത പദ്ധതിയുടെ തുടർപരിപാലനം, നടത്തിപ്പ് എന്നിവയ്ക്കായി 07.11.2016 ൽ കണ്ണൂർ ഡി.ടി.പി.സിയ്ക്ക് കൈമാറിയിട്ടുണ്ട്. കണ്ണൂർ പാലക്കയം തട്ട് വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഭൂമിയെപ്പറ്റി തർക്കം ഉന്നയിച്ച് സമീപത്തുള്ള ക്ഷേത്രം ഭാരവാഹികൾ ബഹു. ഹൈക്കോടതി മുൻപാകെ WP(C) 37071/2022 നമ്പർ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് പുതിയ കരാറുകാരനെ ടെണ്ടർ മുഖേന തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പാലക്കയം തട്ട് ടൂറിസം സെന്റർ നിരവധി സഞ്ചാരികളെ ആകർഷിക്കുന്ന കേന്ദ്രമാണെങ്കിലും അടിക്കടി ഉണ്ടാവുന്ന കേസുകൾ സെന്ററിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (സി) | മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി, നടുവിൽ ഗ്രാമ പഞ്ചായത്തിലെ '**കുറ്റിപ്പുല്ല് പാർക്ക്**' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 83 ലക്ഷം രൂപയുടെ ഭരണാനുമതി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 23.03.2023ൽ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ